(ബി) ഇത്തരത്തിലുള്ള തുല്യത മദ്രാസിലെ അപ്രൻറീസ് ട്രെയിനിംഗ് ബോർഡ് അംഗീകരിച്ചിട്ടില്ലാത്തതിനാൽ അപ്രൻറീസ് ട്രെയിനിംഗ് നൽകാൻ സാദ്ധ്യമല്ല.

(സി) കെ. ജി. ററി. ഇ. സർട്ടിഫിക്കറ് സർക്കാർ വകുപ്പുകളിലെ പല തസ്തികകൾക്കും യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

കായംകുളത്ത് ഇ. എസ്. ഐ. ഡിസ്പെൻസറി സ്ഥാപിക്കാൻ നടപടി

41 [2233] ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് ഇ. എസ്. ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് സ്ഥലം എടുക്കുന്നത്;

(സി) പൊന്നും വില നടപടികൾ എവിടം വരെയായി;

(ഡി) വസ്തു എടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായംകുളം വില്ലേജിൽ.

(സി) സ്ഥലം പരിശോധന കഴിഞ്ഞു.

(ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്ററിറ്റ്യൂട്ടുകൾ രജിസ്ററർ ചെയ്യുന്ന നടപടി

42 [2234] ശ്രീ. കെ. എ. ചന്ദൻ:
,, എൻ. മനോഹരൻ മാസ്ററർ:
ശ്രീമതി എം. ടി. പത്മ:
ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:
ശ്രീമതി ലീലാ ദാമോദരമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്ററിറ്റ്യൂട്ടുകൾ തൊഴിൽ വകുപ്പിന്റെ കീഴിൽ രജിസ്ററർ ചെയ്യണമെന്ന് പറഞ്ഞ് ചില സ്ഥലങ്ങളിൽ തൊഴിൽ വകുപ്പുദ്യോഗസ്ഥൻമാർ നിരന്തരമായി ഇൻസ്ററിറ്റ്യൂട്ടുകാരെ ശല്യപ്പെടുത്തി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു;

(സി) സ്വയം തൊഴിൽ ചെയ്തു ജീവിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തി വരുന്നവരെ ലേബർ വകുപ്പിന്റെ 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്ററാബ്ലിഷ്മെൻറ് ആക്ടിൽ നിന്ന് ഒഴിച്ച് നിർത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്രകാരം ഒരു പരാതിയും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്രകാരം ഒരു ആവശ്യം ഇതുവരെയും സർക്കാർ പരിഗണിച്ചിട്ടില്ല.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഗവൺമെൻറ് ഐ. ടി. ഐ.-യിൽ പുതിയ കോഴ്സുകൾ

43 [2235] ശ്രീമതി എം. ടി. പത്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഗവൺമെൻറ് ഐ. ടി. ഐ.-യിൽ അടുത്ത വർഷം പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് തീരുമാനമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ടൈപ്പ്റൈറ്റിംഗ് ഇൻസ്ട്രക്ടർ നടത്തുന്നവർക്ക് ക്ഷേമനിധി

44 [2236] ശ്രീ. പി. ബാലൻ:
,, കെ. എ. ചന്ദ്രൻ:
,, കെ. പി. കുഞ്ഞിക്കണ്ണൻ:
ശ്രീമതി എം. ടി. പത്മ:
ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൈപ്പ്റൈറ്റിംഗ് ഇൻസ്ട്രക്ടർമാരിൽ ഭൂരിഭാഗം പേരും സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണെന്നും ഇത്തരക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly